**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 575 - 06.02.2013-ലെ മറുപടിക്ക്**

## വിദ്യാഭ്യാസ വായ്പ

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. ജെയിംസ് മാത്യു** | **ശ്രീ. കെ. എം. മാണി**<br>(ധനകാര്യവും നിയമവും, ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) വിദ്യാഭ്യാസ വായ്പ എടുത്ത ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വിദ്യാർത്ഥികൾക്ക് പലിശ ഇളവ് നൽകിയ ഇനത്തിൽ ഖജനാവിൽ നിന്നും എന്ത് തുക ചെലവഴിക്കുകയുണ്ടായി ;<br>(ബി) എത്ര വിദ്യാർത്ഥികൾക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുകയുണ്ടായി ;<br>(സി) ബഡ്ജറ്റിലെ ഇത് സംബന്ധിച്ച പ്രഖ്യാപനം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ? | 2012-13 വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പയിന്മേൽ പഠനകാലത്തെ പലിശയിളവനുവദിക്കുന്ന പദ്ധതി നടപ്പിലാക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനായി 5 കോടി രൂപയുടെ വിഹിതം സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. അർഹരായ വ്യക്തികൾക്ക് ആനുകൂല്യം അനുവദിക്കുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട് പദ്ധതി നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ചെലവ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ